

ഒരു ഹജ്ജ് വേളയിലുണ്ടായ വൻ തീപിടുത്തത്തിന് ദൃക്സാക്ഷിയാവേണ്ടി വന്ന അനുഭവം വിവരിക്കുകയാണ് ലേഖിക. കൈക്കുഞ്ഞിനെയും പ്രായമായ മാതാവിനെയും ഒരുപോലെ സംരക്ഷിക്കേണ്ട ബാധ്യതയിൽ സഹായഹസ്തവുമായെത്തിയ അനേകം സഹോദരന്മാർ, കേടുപാടുകളൊന്നും സംഭവിക്കാതെ തിരിച്ചുകിട്ടിയ യാത്രാബാഗ്-സർവ്വശക്തന്റെ അനുഗ്രഹമല്ലാതെ മറ്റെന്ത്?!

# അഗ്നിനാളങ്ങളിലൂടെ ഒരു തീർത്ഥയാത്ര

• കെ.പി റംല കാര്യവട്ടം, ജിദ്ദ

ആ വർഷത്തെ ഹജ്ജ് നിർവ്വഹിക്കാൻ വേണ്ടി എന്റെയടുത്തേക്കായിരുന്നു നാട്ടിൽനിന്ന് ഉമ്മ നേരെ വന്നത്. 55 വയസ്സുള്ള ഉമ്മാന്റെ ആരോഗ്യം വളരെ മോശമായിരുന്നതിനാലായിരുന്നു അത്. ഒമ്പത്, ഏഴ്. മൂന്ന് വയസ്സ് പ്രായമുള്ള മൂന്ന് മക്കളെ അവരുടെ പിതാവിനെ ഏൽപിച്ച് ഞാൻ ഒരു വയസ്സായ മകളെയും കൂട്ടി ഉമ്മാന്റെ കൂടെ പോകാൻ തീരുമാനിച്ചു. മൂന്നു വയസ്സുള്ള മോളെയും കൂടെ കൊണ്ടുപോകാൻ ഞാനാഗ്രഹിച്ചുവെങ്കിലും ഭർത്താവ് സമ്മതിച്ചില്ല. 'പടച്ചവനേ, അന്ന് കൊണ്ട് പോയിരുന്നെങ്കിൽ എന്താകുമായിരുന്നു' എന്ന് ഇപ്പോഴും ഞാൻ ചിന്തിക്കാറുണ്ട്. മിനയിൽ എത്തിയാൽ എല്ലാ കാര്യങ്ങളും ചെയ്യാൻ സഹായത്തിനായി ജിദ്ദയിലുള്ള എന്റെ സഹോദരൻ കാത്തുനിൽക്കാം എന്ന് പറഞ്ഞിരുന്നു.

ദുൽഹജ്ജ് 8 ന് രാവിലെ ഞങ്ങൾ റുവൈസിലുള്ള റൂമിൽ നിന്ന് ഹജ്ജിന് പുറപ്പെട്ടു. ശറഫിയയിലുള്ള സഫാരി ഹോട്ടലിന്റെ സമീപമെത്താനായിരുന്നു നിർദേശം. ഭർത്താവിനോടും കുട്ടികളോടും യാത്ര ചോദിച്ച് ബസ്സിൽ കയറി. ഏകദേശം 9 മണിയായിക്കാണും 'ലബൈക്കള്ളാഹുമ്മ ലബൈക്ക്' എന്ന തക്ബീർ ധ്വനിയോടു കൂടി ബസ്സ് നീങ്ങാൻ തുടങ്ങി. ഞങ്ങൾ മിനായിലെ ടെന്റിൽ എത്തിയപ്പോൾ 12 മണിയായിക്കാണും. ഞാൻ ടെന്റിൽ ബെഡ്ഷീറ്റ് വിരിച്ച് ഞങ്ങളുടെ സാധനങ്ങൾ എല്ലാ അതിൽ വെച്ചു. (അന്ന് ഇന്നത്തെ പോലെ ടെന്റിൽ ബെഡ് ഒന്നും ഇല്ല.) ഉമ്മ പോയി വുളു എടുത്ത് ഖുർആൻ ഒതാൻ തുടങ്ങി. ഞാൻ മോൾക്ക് ഭക്ഷണം കൊടുക്കുകയായിരുന്നു. പെട്ടെന്ന് ടെന്റിലുള്ള കൂളർ ഓഫായത് കണ്ടു. എല്ലാവരും പരസ്പരം ഒന്നു നോക്കി. കറണ്ട് പോയതായിരിക്കുമെന്ന് കരുതി. ഉടനെത്തന്നെ പുറത്ത് നിന്ന് പറയുന്നത് കേട്ടു, 'ടെന്റിന് തീ പിടിച്ചിരിക്കുന്നു. എല്ലാവരും ടെന്റ് വിട്ട് ഓടി പോവുക'.

ഞാനും ഉമ്മയും ബാഗും എടുത്ത് പുറത്തേക്ക് വന്നു. ലഗേജ് അവിടെവെച്ച് ഓടാനായിരുന്നു ഞങ്ങളോട് പറഞ്ഞത്. അല്ലെങ്കിലും അതുംകൊണ്ട് എനിക്ക് ഓടാനും കഴിയില്ല. മോളെ എടുക്കണം, ഉമ്മാന്റെ അവസ്ഥ പറയുകയും വേണ്ട. ഞാൻ മോളുടെ ഭക്ഷണം, ഖുർആൻ ഇതൊക്കെ ഒരു സഞ്ചിയിലിട്ട് പോകാനൊരുങ്ങി. പെട്ടെന്ന് മനസ്സൊന്ന് പതറി. ഞങ്ങളുടെ കൂടെ ആണുങ്ങൾ ആരും ഇല്ല. എങ്ങോട്ട് ഓടിപ്പോകുമെന്ന് ഒരുപിടിയും ഇല്ല. അങ്ങനെ നിൽക്കുമ്പോൾ ഒരു പ്രസ്ഥാന സഹോദരൻ സഹായഹസ്തവുമായെത്തി. അയാളുടെ കൂടെ നടന്നു, എങ്ങോട്ടാണെന്നറിയാതെ.

നടക്കേണ്ട അവസ്ഥയല്ല. തിരിഞ്ഞു നോക്കിയാൽ പേടിപ്പെടുത്തും പോലെ കറുത്തിരുണ്ട പുകയും ഒന്നാകെ വിഴുങ്ങാൻ പാകത്തിൽ തീ നാളങ്ങളും. ആളുകൾ ജീവനുംകൊണ്ട് ഓടുകയാണ്. കുറെ ആളുകൾ മലകയറുന്നുണ്ട്. ആംബുലൻസാകട്ടെ ശബ്ദമുണ്ടാക്കി ചീറിപ്പായുന്നു. മൈക്കിൽ കൂടി അറബിയിൽ എന്തൊക്കെയോ വിളിച്ചു പറയുന്നു. കുറേപേർ വാഹനങ്ങളിൽ തൂങ്ങിക്കയറാൻ ശ്രമിക്കുന്നു. ഗ്യാസ് സിലിണ്ടർ റോഡിൽ കൂടി ഉരുട്ടി ദൂരെ കൊണ്ടുപോകുന്നു. എല്ലാവരും ഇഹ്റാമിലാണ്. പുരുഷന്മാർ ഓടുമ്പോൾ അവരുടെ തുണി അഴിഞ്ഞു വീഴുന്നു. അവരത് നേരെയാക്കുന്നു. ആ

സമയത്ത് ഞാൻ മഹ്ശറ ഓർത്ത് പോയി. 'യാ നഫ്സീ' എന്ന് പറഞ്ഞ് മഹ്ശറയിൽ ജനങ്ങൾ ഓടുന്ന രംഗം നമ്മൾ പല ക്ലാസുകളിലും കേട്ടതാണല്ലോ.

ഞങ്ങൾ ഓടിയോടി ഒരുവിധം കുറച്ച് അകലെയെത്തി. അവിടെയൊരു പാറയുടെ അരികിൽ ഇരുന്നു. എവിടെയും ഒരു തണലുമില്ല. വിശപ്പാണങ്കിൽ അതികഠിനം. ഒപ്പം തലവേദനയും. ഞാൻ മോൾക്ക് പാല് കൊടുത്ത് രണ്ട് ഗുളികയും കഴിച്ച് അവിടെ കിടന്നു. നല്ല പൊടിക്കാറ്റും. എന്റെ അവശത കണ്ടപ്പോൾ ഉമ്മ അസുഖം മറന്ന് വണ്ടിയിൽ വിതരണം ചെയ്യുന്ന റൊട്ടി വാങ്ങാൻ പോയി. കുറെ കഴിഞ്ഞിട്ടും ഉമ്മാനെ കാണാതിരുന്നപ്പോൾ മനസ്സ് അസ്വസ്ഥമായി. 'പടച്ചവനേ, എന്റെ ഉമ്മ തിരക്കിൽപ്പെട്ടു വല്ല അപകടവും സംഭവിച്ചിരിക്കുമോ' എന്നുപോലും ഒരുനിമിഷം മനസ്സിൽ ആധികയറി. അല്പ സമയത്തിനകം ഉമ്മ റൊട്ടിയുമായി വന്നു.

ആ സ്ഥലത്തുനിന്ന് വിശ്രമം മതിയാക്കി പിന്നെയും നടന്നു. അസ്വർ നമസ്കരിച്ചിട്ടില്ല. വുളു എടുക്കണം. ഒരു ട്രക്കിൽ നിന്ന് വെള്ളം കുറെശ്ശെ വീഴുന്നുണ്ട്. അവിടെ നിന്ന് വുളു എടുത്ത് നമസ്കരിച്ചു. അപ്പോഴേക്കും കുറച്ച് ശാന്തത വന്നിരുന്നു. വണ്ടികളുടെ ചീറി പായുന്ന ശബ്ദം കുറഞ്ഞിരുന്നു. കുറച്ചുപേർ മിനയിലേക്ക് മടങ്ങി പോകാൻ ഒരുങ്ങി. ഞങ്ങളോട് പോരുന്നുണ്ടോ എന്ന് നേരത്തെ സഹായവുമായി എത്തിയ സഹോദരൻ ചോദിച്ചു. ഞാനും ഉമ്മയും ഇനി ഒരടി മുന്നോട്ട് വെക്കാൻ പറ്റാത്ത അവസ്ഥയിലായിരുന്നു. 'ഞങ്ങൾ ഇവിടെ തന്നെ നിൽക്കാം' എന്ന് അവരോട് പറഞ്ഞു. അവർ മിനയിൽ പോയി മടങ്ങിവന്നു പറഞ്ഞു:

"എല്ലാം കത്തി പോയിരിക്കുന്നു. ആരുടേതാണ് എന്നറിയില്ല. ഒരു കറുത്ത ബാഗ് അവിടെ കത്താതെ കിടക്കുന്നുണ്ട്. സി.കെ. ഫാത്തിമ എന്ന് പേരുണ്ട്."

എന്റെ റബ്ബേ, എന്താണ് ഈ കേൾക്കുന്നത്. എന്റെ ഉമ്മാന്റെ ബാഗാണ് അത്. ഞങ്ങൾ പിന്നെയും ആവർത്തിച്ചു ചോദിച്ചപ്പോഴും അപ്പോൾ അവർ അതുതന്നെ പറഞ്ഞു: "ഞങ്ങൾ ശരിക്ക് ശ്രദ്ധിച്ചു വായിച്ചു അതിലുള്ള അഡ്രസ്സ്."

അങ്ങനെ എല്ലാവരും മക്കത്തേക്ക് യാത്രയായി. ഒരു വണ്ടിയിൽ അവരുടെ കൂടെ ഞങ്ങളും. നാട്ടിൽ നിന്ന് വന്ന കേരള ഹജ്ജ് ഗ്രൂപ്പിന്റെ റൂമിലേക്കാണ് പോയത്. വണ്ടി ഇറങ്ങി കുറെ നടന്നു. അതിനിടയിൽ മോളുടെ തല പാർക്ക് ചെയ്ത വണ്ടിയിൽ മുട്ടി. ഞാനും അവളും റോഡിൽ വീണു. അവിടെ നിന്നെഴുന്നേറ്റ് പിന്നെയും നടന്നു. ഉമ്മയാണങ്കിൽ ഛർദ്ദിച്ച് ഒരു പരുവത്തിലായിരിക്കുന്നു. ധരിച്ച വസ്ത്രം മുഴുവൻ ഛർദ്ദില് വീണ് ചീത്തയായിരിക്കുന്നു. റൂമിൽ എത്തി ഉമ്മ തന്നെ വേഗം എല്ലാം കഴുകി വൃത്തിയാക്കി. ഉമ്മാക്ക് നിൽക്കാൻ കഴിയുന്നില്ല. എന്നെയാണെങ്കിൽ മോള് ഒന്നിനും സമ്മതിക്കുന്നില്ല. അന്ന് ഉമ്മ തുണിയും പർദ്ദയും ഒക്കെ കഴുകിയ ആ രംഗം ഇപ്പോഴും മനസ്സിൽ മായാതെ നിൽക്കുന്നു. ഞാൻ മോളെ പൈപ്പിന്റെ ചുവട്ടിൽ ഇരുത്തി കഴുകാൻ ഒരു ശ്രമം നടത്തിയപ്പോൾ അതിനപ്പുറത്തുള്ള ചൂടുവെള്ളത്തിന്റെ പൈപ്പ് മോള് സ്വയം തുറന്നു. കാല് പൊള്ളി, ഭയങ്കര കരച്ചിലായി. ഇപ്പോൾ അതൊന്നും ഓർക്കാൻ കഴിയുന്നില്ല. അത്രക്കും അന്ന് അനുഭവിച്ചു.

ഞങ്ങളെ അറഫയിലേക്ക് യാത്രയാക്കി ഭർത്താവ് മടങ്ങി. എന്റെ സഹോദരൻ ഞങ്ങളുടെ വിവരം ഒന്നും അറിയാൻ കഴിയാത്തതിൽ വിഷമിച്ച് അറഫയിൽ ഞങ്ങളുടെ ടെന്റ് അന്വേഷിച്ചു കുറെ അലഞ്ഞു. ഒടുവിൽ കണ്ടുമുട്ടിയ ആ രംഗം– ഉമ്മയും മോനും. അതൊക്കെ ഓർക്കുമ്പോൾ എല്ലാ ഇന്നലെ കഴിഞ്ഞപോലെ തോന്നുന്നു. അന്ന് അത്രയ്ക്കും അനുഭവിച്ചു. ജീവിതത്തിൽ ഒരിക്കലും മറക്കാൻ പറ്റാത്ത അനുഭവം.

ജിദ്ദയിലുള്ള ഭർത്താവിനെ വിവരം അറിയിക്കണം. അന്ന് ഇന്നത്തെ പോലെ മൊബൈൽ ഫോൺ സുലഭമല്ല. ബൂത്തിൽ പോയി വിളിക്കണം. ഉമ്മ എന്നെ ഒറ്റക്ക് വിടുന്നില്ല. നനഞ്ഞ പർദ്ദയും ഇട്ട് എന്റെ കൂടെ പോന്നു. പുറത്ത് നല്ല ചൂടാണ്. പക്ഷേ നനഞ്ഞ ഡ്രസ്സ് ആയതിനാൽ തണുത്ത് വിറച്ച് പല്ല് കൂട്ടിമുട്ടുന്ന ശബ്ദം എനിക്ക് കേൾക്കാമായിരുന്നു. കാർഡ് ഇട്ടു മാത്രമേ ഫോൺ വിളിക്കാൻ കഴിയൂ എന്ന് അവിടെയെത്തിയപ്പോഴാണ് അറിഞ്ഞത്. എന്റെ അടുത്ത് കാർഡ് ഇല്ല. അവസ്ഥ മനസ്സിലാക്കി ഒരു സഹോദരൻ കാർഡ് തന്നു.

വിളിച്ചപ്പോൾ വിവരം പറയാൻ കഴിയുന്നില്ല. വാക്കുകൾ ഇടറുന്നു. ഭർത്താവിന്റെ ശബ്ദം കേട്ടപ്പോൾ നിയന്ത്രണം വിട്ടുപോയി. അത്രയും സമയം എങ്ങനെയോ പിടിച്ച് നിന്നതാണ്. ഒരുവിധം വിവരം പറഞ്ഞുവെച്ചു. അവർ അപ്പോൾ തന്നെ അവിടുന്ന് പുറപ്പെട്ടു. പക്ഷേ തമ്മിൽ കണ്ടത് പിറ്റേന്നാണ്. ആ ബാഗിനെ കുറിച്ചന്വേഷിക്കാൻ ഉമ്മ നിർബന്ധിക്കുന്നുണ്ടായിരുന്നു. ടെന്റിൽ ഉപേക്ഷിച്ച ആ ബാഗ് എങ്ങനെ ഇവിടെയെത്താൻ? ഞാൻ ഉമ്മാനെ കുറ്റപ്പെടുത്തി. എന്നിട്ടും പിന്നെയും പിന്നെയും ഉമ്മ നിർബന്ധിച്ചുകൊണ്ടിരുന്നു. മനസില്ലാമനസ്സോടെ ഒടുവിൽ ഞാൻ ബാഗിനെ കുറിച്ച് അന്വേഷിച്ചു. എന്തോ ഒരു അത്ഭുതം പോലെ അത് അവിടെ എത്തിയിരിക്കുന്നു. അത് ചോദിക്കാൻ പറഞ്ഞതിന് ഉമ്മാനെ ഞാൻ എത്ര വേദനിപ്പിച്ചു എന്നാലോചിച്ചപ്പോൾ സങ്കടമായി. ഉമ്മ പറഞ്ഞത് ശരിയായില്ലേ. ഞങ്ങൾക്കാണങ്കിൽ ഒരു സാധനവും കൈയ്യിലില്ല. എല്ലാം അതിലാണ്. ബാഗ് കിട്ടിയത് വലിയ അനുഗ്രഹമായി. ഒരു സഹോദരി എന്നോട് ചോദിച്ചു: "നിങ്ങൾ വല്ല പ്രത്യേക പ്രാർത്ഥനയും ചൊല്ലിയിരുന്നോ? നിങ്ങളുടെ ബാഗ് മാത്രം കിട്ടിയതുകൊണ്ട് ചോദിച്ചതാണ്" എന്ന്. ഞങ്ങളെ അറഫയിലേക്ക് യാത്രയാക്കി ഭർത്താവ് മടങ്ങി. എന്റെ സഹോദരൻ ഞങ്ങളുടെ വിവരം ഒന്നും അറിയാൻ കഴിയാത്തതിൽ വിഷമിച്ച് അറഫയിൽ ഞങ്ങളുടെ ടെന്റ് അന്വേഷിച്ചു കുറെ അലഞ്ഞു. ഒടുവിൽ കണ്ടുമുട്ടിയ ആ രംഗം– ഉമ്മയും മോനും. അതൊക്കെ ഓർക്കുമ്പോൾ എല്ലാ ഇന്നലെ കഴിഞ്ഞപോലെ തോന്നുന്നു. അന്ന് അത്രയ്ക്കും അനുഭവിച്ചു. ജീവിതത്തിൽ ഒരിക്കലും മറക്കാൻ പറ്റാത്ത അനുഭവം.